
# ഭോപ്പാൽ: കുഴിമാടങ്ങൾ സത്യം വെളിപ്പെടുത്തട്ടെ



**കാഴ്ചയ്ക്കപ്പുറം**

**ടി.വി.ആർ. ഷേണായ്**

അത്ഭുതങ്ങൾ സംഭവിച്ചില്ലെങ്കിൽ വാറൻ ആൻഡേഴ്സനെ ഇനി ഇന്ത്യയിലെത്തിച്ച് വിചാരണ നടത്തുകയെന്നത് അപ്രായോഗികമാവും. എന്നാൽ അർജുൻ സിങ് ഇന്ത്യയിലുള്ള കാര്യം എന്തുകൊണ്ട് എല്ലാവരും മറക്കുന്നു?

ദുരന്തത്തിനിടയാക്കിയ യൂണിയൻ കാർബൈഡിന്റെ അന്നത്തെ മേധാവിയെ പ്രതിക്കൂട്ടിലാക്കാനുള്ള സാധ്യത 1984 ഡിസംബർ ഏഴിനു തന്നെ കളഞ്ഞുകുളിച്ചു. അന്നാണ് വാറൻ ആൻഡേഴ്സനെ ഭോപ്പാലിൽ അറസ്റ്റുചെയ്തത്. അയാളെ ജയിലിലേക്ക് അയയ്ക്കുന്നതിനു പകരം യൂണിയൻ കാർബൈഡിന്റെ അതിഥിമന്ദിരത്തിൽ പാർപ്പിച്ചു. പിന്നീട് മോചിതനായ ആൻഡേഴ്സൻ രാജ്യകീയാമാനം പൊടിയുംതട്ടി ഇന്ത്യയിൽനിന്ന് കടന്നു. ആ സാഹചര്യം എന്തായിരുന്നുവെന്നതിന് ഇതുവരെ വിശദീകരണം കിട്ടുകയോ ആർക്കെങ്കിലും ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല.

ആൻഡേഴ്സനിപ്പോൾ പ്രായം 90 കഴിഞ്ഞു. ഇനിയഥവാ അയാളെ വിട്ടുകിട്ടുകയാണെങ്കിൽ അതിന് എത്ര കാലമെടുക്കുമെന്ന് ആരറിഞ്ഞു? (വിട്ടു കിട്ടുന്നതിനായി ഒരു തരത്തിലുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും പ്രകടമാകാത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും.) അമേരിക്കയിലെ നീതിന്യായ വ്യവസ്ഥ ആൻഡേഴ്സനെ ഇന്ത്യൻ കൈകളിലേല്പിക്കുമെന്ന് ഒരുറപ്പുമില്ല. കിട്ടിയാൽത്തന്നെ വിചാരണനടപടികൾ എത്രകാലം നീളും? ഭോപ്പാൽ ദുരന്തത്തിലെ കോടതി വിധിക്കെതിരായ മുറവിളികളും കോലം കത്തിക്കലും തത്കാലം മറക്കാം. ആൻഡേഴ്സൻ ഇന്ത്യയിലെ വിചാരണനടപടികളിൽനിന്ന് രക്ഷപ്പെട്ട് യു.എസ്സിലെ ആഡംബര വസതിയിൽ വാർധക്യ ജീവിതം തുടരുകയും സുഖമരണം വരിക്കുകയും ചെയ്യാനാണ് സാധ്യത.

എന്നാൽ അർജുൻ സിങ്ങിന്റെ കാര്യമോ? 1984-ൽ അർജുൻ സിങ്ങായിരുന്നു മധ്യപ്രദേശിലെ മുഖ്യമന്ത്രി. അദ്ദേഹമിപ്പോഴും ഇന്ത്യൻ മണ്ണിൽത്തന്നെയുണ്ട്. ചോദ്യം ചെയ്യാനും കഴിയും. 2009 വരെ അദ്ദേഹം കേന്ദ്രമന്ത്രിസഭയിൽ അംഗമായിരുന്നു. പഴയതെല്ലാം ഇപ്പോഴും ഓർമയുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നല്ലത്, എന്തെന്നാൽ ഒട്ടേറെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ബാധ്യസ്ഥനാണ് അദ്ദേഹം.

യഥാർഥത്തിൽ ഭോപ്പാലിലെ ആ ഇരുണ്ട രാത്രിക്കു മുമ്പുതന്നെ കഥ തുടങ്ങുന്നു. യൂണിയൻ കാർബൈഡ് ഫാക്ടറിയുടെ സുരക്ഷയെക്കുറിച്ച് മധ്യപ്രദേശ് വിധാൻസഭയിൽ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. എല്ലാം നല്ല രീതിയിലാണെന്നും ഒരു കുഴപ്പവുമില്ലെന്നും അർജുൻസിങ് ഉറപ്പുനൽകി. ഫാക്ടറി സന്ദർശിച്ച് ഇക്കാര്യം സ്വയം ബോധ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞെന്നും റിപ്പോർട്ടുണ്ട്.

ആ ഉറപ്പ് 'വെറും കുറുപ്പി'ന്റേതായിരുന്നുവെന്ന് ഇന്നു നമുക്കറിയാം. 1984 ഡിസംബർ രണ്ടിനും മൂന്നിനുമായി 45 ടണ്ണോളം വിഷവാതകമാണ് (മീഥൈൽ ഐസോസയനേറ്റ്) ഭോപ്പാലിന്റെ ആകാശത്തേക്ക് പടർന്നത്. ദുരന്തത്തിന്റെ ഫലമായി എത്രപേർ മരിച്ചുവെന്നതിന് ഇന്നും വ്യക്തമായ കണക്കുകളില്ല. വാതകം ശ്വസിച്ച് മാരകമായ അസുഖങ്ങൾ ബാധിച്ചവർ ഇന്നും ഇഞ്ചിഞ്ചായി മരണത്തിന് കീഴടങ്ങുന്നു. മരണസംഖ്യ തുടങ്ങിയത് രണ്ടായിരത്തിൽനിന്നാണ്. അത് ഇരുപതിനായിരത്തിനപ്പുറത്തേക്ക് നീണ്ടു. ആയിരങ്ങൾ രോഗശയ്യയിലായി.

ഭോപ്പാലിൽ വിഷവാതകം ചോർന്ന് മണിക്കൂറുകൾക്കകം അതു ലോകചരിത്രത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമാണെന്ന് വ്യക്തമായിരുന്നു. 1986-ലെ ചെർണോബിൽ ദുരന്തത്തിൽ 32 പേരാണ് ആദ്യഘട്ടത്തിൽ മരിച്ചത്. ഭോപ്പാലിൽ നിർണായകമായ ആദ്യ 24 മണിക്കൂറിനുള്ളിൽത്തന്നെ ആയിരങ്ങൾ പിടഞ്ഞുവീണു മരിച്ചു. (ചെർണോബില്ലിൽ അണുവികിരണമേറ്റ കൂടുതൽ പേർ മരിക്കുന്നുണ്ടാകാം. ഭോപ്പാലിലും വിഷവാതകം സമാനദുരന്തത്തിന് ഇടയാക്കുന്നു.) വാറൻ ആൻഡേഴ്സൻ ഇന്ത്യയിലെത്തിയപ്പോൾ ദുരന്തത്തിന്റെ ഭീകരതയെക്കുറിച്ച് ആരും അജ്ഞരായിരുന്നില്ല.

എന്നിട്ടും ആൻഡേഴ്സന് ഇന്ത്യയിൽ എങ്ങനെ വി.ഐ.പി. പരിഗണന ലഭിക്കുകയും പിന്നീട് വിമാനം കയറ്റി വിടുകയും ചെയ്തു?

1984-ൽ മോട്ടിസിങ്ങായിരുന്നു ഭോപ്പാൽ ജില്ലാ കളക്ടർ. വാറൻ ആൻഡേഴ്സനെ സുരക്ഷിതമായി മടങ്ങാൻ അനുവദിക്കണമെന്ന് അന്നത്തെ മധ്യപ്രദേശ് ചീഫ് സെക്രട്ടറി ബ്രഹ്മപ്രകാശ് തന്നോട് ഉത്തരവിട്ടെന്ന് മോട്ടിസിങ് ഈയിടെ വെളിപ്പെടുത്തി.

അത്തരമൊരു സുപ്രധാന തീരുമാനം ചീഫ് സെക്രട്ടറി സ്വന്തം നിലയ്ക്കെടുത്തുവെന്ന് മൂഢന്മാർപോലും കരുതുമോ? മുഖ്യമന്ത്രിയുമായി അദ്ദേഹം അക്കാര്യം ചർച്ചചെയ്തില്ലെന്ന് നമ്മൾ വിശ്വസിക്കണോ? ദുരന്തത്തിന്റെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ കേന്ദ്രവുമായിപ്പോലും വിഷയം ചർച്ചചെയ്തിരിക്കാം. അന്ന് പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി ഇപ്പോൾ നമുക്കൊപ്പമില്ല. എന്നാൽ, തന്റെ ഓർമകൾ പങ്കിടാൻ അർജുൻസിങ്ങിനോട് ആവശ്യപ്പെടുകതന്നെ വേണം.

വാറൻ ആൻഡേഴ്സൻ ഭോപ്പാലിൽനിന്ന് ഡൽഹിയിലേക്ക് രക്ഷപ്പെട്ടത് ഔദ്യോഗിക വിമാനത്തിലായിരുന്നോ എന്നെങ്കിലും വ്യക്തമാക്കാൻ അദ്ദേഹം തയ്യാറാകണം. അതുശരിയാണെങ്കിൽ തന്റെ വിമാനം ഉപയോഗിക്കുന്ന കാര്യം മധ്യപ്രദേശ് മുഖ്യമന്ത്രിക്ക് അറിയില്ലായിരുന്നുവെന്ന് നമ്മൾ വിശ്വസിക്കണോ?

ചോദ്യം ചെയ്യുന്നതിനു മുമ്പ് ആൻഡേഴ്സനെ വിട്ടയച്ചതുമാത്രമല്ല സംശയം ഉണർത്തുന്നത്. വിധാൻസഭയിൽ യൂണിയൻ കാർബൈഡിന്റെ സുരക്ഷയെക്കുറിച്ച് അർജുൻസിങ് നൽകിയ മറുപടിയും ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു. യൂണിയൻ കാർബൈഡിന് നല്ല സർട്ടിഫിക്കറ്റ് നൽകുംമുമ്പ് അതെങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അന്നത്തെ മുഖ്യൻ പരിശോധിച്ചിരുന്നുവോ?

യൂണിയൻ കാർബൈഡിന് ഇന്ത്യയിലേതുപോലെ ഫ്രാൻസിലും ജർമനിയിലും ഫാക്ടറികളുണ്ടായിരുന്നു. ഭോപ്പാലിൽ അപകടകാരിയായ രാസവസ്തു ഒരൊറ്റ ഭീമൻ സംഭരണിയിലാണ് സൂക്ഷിച്ചിരുന്നത്. ഫ്രാൻസിലേത് ഒറ്റയ്ക്കൊറ്റയ്ക്കുള്ള ചെറു സിലിണ്ടറുകളിലായിരുന്നു. ജർമനിയിലാകട്ടെ ജനവാസ മേഖലയ്ക്കടുത്ത് ഇത്തരം സംഭരണി അനുവദിച്ചതേയില്ല. ഫ്രാൻസിലെയും ജർമനിയിലെയും മാതൃക സ്വീകരിച്ചിരുന്നുവെങ്കിൽ ഭോപ്പാലിലെ എത്ര ജീവൻ രക്ഷപ്പെടുമായിരുന്നു.

വിധാൻസഭയിൽ ചോദ്യത്തിനു മറുപടി പറയാനായി എഴുന്നേറ്റപ്പോൾ അർജുൻസിങ്ങിന് ഇതെല്ലാം അറിയാമായിരുന്നോ?

അതിരിക്കട്ടെ, ഇത്തരം അപകടകാരികളായ വ്യവസായശാലകൾക്കടുത്ത് ചേരികൾ വളർന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്? (എൺപതു തൊട്ട് അർജുൻസിങ് മധ്യപ്രദേശ് മുഖ്യമന്ത്രിയായിരുന്നുവെന്ന് ഓർക്കുക.)

ആൻഡേഴ്സനെതിരെ ഉയരുന്ന മുറവിളി ജനപ്രീതിക്ക് ഇടയാക്കാം, പക്ഷേ, നിരർഥകം മാത്രം. ഭോപ്പാലിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ജഡ്ജി മോഹൻ പി. തിവാരിക്കെതിരായ രോഷത്തിന്റെ കാര്യവും അങ്ങനെ തന്നെ. ഭോപ്പാൽ ദുരന്തക്കേസിലെ പ്രതികളുടെ ശിക്ഷ രണ്ടുവർഷം മാത്രമായി കുറഞ്ഞതിനാലാണ് തിവാരി വിമർശനത്തിനിരയായത്.

അതെങ്ങനെ ജഡ്ജി തിവാരിയുടെ പിഴയാകും? ഭോപ്പാൽ കേസിലെ പ്രതികൾക്കെതിരായ വിചാരണ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304 (2) വകുപ്പിനു പകരം 304 എ വകുപ്പനുസരിച്ച് മതിയെന്ന് 1996 സപ്തംബർ 13ന് സുപ്രീംകോടതിയാണ് വിധിച്ചത്. മനഃപൂർവമുള്ള നരഹത്യയാണ് 304 (2) വകുപ്പ് കൈകാര്യം ചെയ്യുന്നത്. 304 എ അനാസ്ഥമൂലമുള്ള മരണവും. രണ്ടും തമ്മിലുള്ള വ്യത്യാസം അത്രസൂക്ഷ്മമൊന്നുമല്ല. 304 എ വകുപ്പ് പ്രകാരം കുറ്റക്കാരനെന്നു കണ്ടാൽ പരമാവധി ശിക്ഷ രണ്ടു കൊല്ലം തടവുമാത്രമാണ്. ഭോപ്പാൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് തന്റെ പരിധിയിൽ വരുന്ന പരമാവധി ശിക്ഷ തന്നെയാണ് പ്രതികൾക്ക് നൽകിയത്. സുപ്രീംകോടതി ഉത്തരവും മറികടന്ന് മറ്റൊരു വകുപ്പുപ്രകാരം ശിക്ഷ വിധിക്കാൻ അദ്ദേഹത്തിനു കഴിയില്ല.

ജസ്റ്റിസ് എ.എം. അഹമ്മദിയായിരുന്നു 1996-ൽ സുപ്രീംകോടതി ചീഫ്ജസ്റ്റിസ്. തന്റെ വിധിക്കെതിരെ എന്തുകൊണ്ട് റിവ്യൂ ഹർജി സമർപ്പിച്ചില്ലെന്ന് അദ്ദേഹം ചോദിക്കുന്നു. എന്നാൽ സന്നദ്ധ സംഘടനാ പ്രവർത്തകയായ രച്ന ധിൻഗ്ര ആ വാദം ഖണ്ഡിക്കുകയാണ്. 14 വർഷം മുമ്പ് 'ഭോപ്പാൽ വാതക പീഡിത സഹയോഗ് സമിതി' അഹമ്മദിയുടെ വിധിക്കെതിരെ റിവ്യൂ ഹർജി നൽകിയിരുന്നു. എന്നാൽ ഒരു കാരണവും ചൂണ്ടിക്കാട്ടാതെ ഹർജി തള്ളിയെന്ന് രച്ന ചൂണ്ടിക്കാട്ടുന്നു!

ഭോപ്പാൽ പ്രശ്നം പുനഃപരിശോധിക്കാൻ പ്രധാനമന്ത്രി പുതിയ മന്ത്രിതല സമിതിക്ക് രൂപം നൽകി. എന്നാലത് ഊർജവും സമയവും വെറുതെ പാഴാക്കലാകും. അർഥവത്തായ രീതിയിൽ ആൻഡേഴ്സനെ ചോദ്യം ചെയ്യാനുള്ള അവസരം 1984 ഡിസംബർ ഏഴിന് കിട്ടിയിരുന്നു; പക്ഷേ, അത് പാഴാക്കി. പരമാവധി രണ്ടു വർഷം ശിക്ഷ ലഭിക്കുന്ന വകുപ്പുപ്രകാരം മതി വിചാരണയെന്ന് സുപ്രീംകോടതി വിധിച്ചാൽ അതിലും നീണ്ട തടവുശിക്ഷ പ്രതികൾക്ക് നൽകാനാവില്ല.

വാറൻ ആൻഡേഴ്സൻ ഇനി ഇന്ത്യയിലേക്ക് മടങ്ങി വരില്ല. വിചാരണ നേരിട്ടവർക്ക് ഇതിലും കടുത്ത ശിക്ഷ ലഭിക്കാനും സാധ്യതയില്ല. എന്നാൽ അർജുൻ സിങ്ങിനെ ചോദ്യം ചെയ്യുന്നതും ഭോപ്പാൽ ദുരന്തത്തിന്റെ പാഠം ഉൾക്കൊള്ളുന്നതും അത്ര വൈകിപ്പോയോ? പ്രത്യേകിച്ച് ആണവ ബാധ്യതാബിൽ പരിഗണനയ്ക്കു വരുന്ന വേളയിൽ. ●

**വാറൻ ആൻഡേഴ്സൻ ഇനി ഇന്ത്യയിലേക്ക് മടങ്ങി വരില്ല. വിചാരണ നേരിട്ടവർക്ക് ഇതിലും കടുത്ത ശിക്ഷ ലഭിക്കാനും സാധ്യതയില്ല. എന്നാൽ, അർജുൻ സിങ്ങിനെ ചോദ്യം ചെയ്യുന്നതും ഭോപ്പാൽ ദുരന്തത്തിന്റെ പാഠം ഉൾക്കൊള്ളുന്നതും അത്ര വൈകിപ്പോയോ? പ്രത്യേകിച്ച് ആണവ ബാധ്യതാബിൽ പരിഗണനയ്ക്കു വരുന്ന വേളയിൽ**